പതിനാലാം കേരള നിയമസഭ
പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 655

04.03.2020 ലെ മറുപടിയ്ക്ക്.

## പട്ടിക വിഭാഗക്കാരുടെ ക്ഷേമപ്രവർത്തനങ്ങൾക്ക് അനുവദിച്ച തുക

| ചോദ്യം<br>ശ്രീ.കെ.എൻ.എ ഖാദർ | | ഉത്തരം<br>എ. കെ. ബാലൻ<br>പട്ടിക ജാതി - പട്ടിക വർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി | |
|---|---|---|---|
| (എ) | 01.07.2016 മുതൽ 31.01.2020 വരെ സംസ്ഥാനത്തെ പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗക്കാരുടെ ക്ഷേമത്തിനും വികസനത്തിനുമായി കേന്ദ്രസർക്കാർ എത്ര തുക അനുവദിച്ചെന്നും അതിലെത്ര ചെലവഴിച്ചെന്നും വെളിപ്പെടുത്താമോ; | (എ) | 01.07.2016 മുതൽ 31.01.2020 വരെ പട്ടികജാതി വികസന വകുപ്പ് മുഖേന നേരിട്ട് നടപ്പിലാക്കുന്ന 7 പദ്ധതികൾക്കായി 198.32 കോടി രൂപ കേന്ദ്രവിഹിതം അനുവദിച്ചു. ആയതിൽ പ്രധാനമന്ത്രി ആദർശ് ഗ്രാമയോജന എന്ന പദ്ധതിക്കായി അനുവദിച്ച 21.20 ലക്ഷം രൂപ ഒഴികെ ബാക്കി മുഴുവൻ ചെലവഴിച്ചു.<br>ഇതേ കാലയളവിൽ വകുപ്പിന്റെ 13 പദ്ധതികളിൽ 139.63 കോടി രൂപ കേന്ദ്ര വിഹിതം അനുവദിച്ചു 98.16 കോടി രൂപ ചെലവഴിച്ചു. |
| (ബി) | ഇപ്രകാരമുള്ള പ്രവർത്തനങ്ങൾക്ക് കേന്ദ്രഫണ്ടിന് ആനുപാതികമായി സംസ്ഥാനം ഫണ്ട് വകയിരുത്തേണ്ടിയിരുന്നോ; എങ്കിൽ അപ്രകാരം വകയിരുത്തിയതിന്റെയും ചെലവഴിച്ചതിന്റെയും കണക്കുകൾ നൽകാമോ? | (ബി) | വകയിരുത്തിയിരുന്നു.<br>പട്ടികജാതി വിഭാഗത്തിന് 2015-16 സാമ്പത്തിക വർഷം മുതൽ 2019-20 സാമ്പത്തിക വർഷം വരെ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി സംസ്ഥാന ബജറ്റിൽ 1095.01 കോടി രൂപ വകയിരുത്തിയതിൽ 31.01.2020 വരെ 930.25 കോടി രൂപ ചെലവഴിച്ചു. കേന്ദ്രവിഹിതമായി ലഭിച്ച 139.63 കോടി കഴിച്ച് ബാക്കിയുള്ള 790.62 കോടി രൂപ സംസ്ഥാന പദ്ധതിയിൽ നിന്നാണ് വിനിയോഗിച്ചത്.<br>പട്ടികവർഗ്ഗ വിഭാഗക്കാർക്ക് വകുപ്പുവഴി നടപ്പിലാക്കുന്ന പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ്, പ്രീമെട്രിക് സ്കോളർഷിപ്പ് എന്നീ കേന്ദ്രാവിഷ്കൃത |

| | | | |
|---|---|---|---|
| • | | | പദ്ധതികളിൽ തുക സംസ്ഥാന ബഡ്ജറ്റിൽ നിന്ന് ചിലവഴിക്കുകയും വിനിയോഗ സാക്ഷ്യപത്രം സമർപ്പിക്കുന്ന മുറയ്ക്ക് കേന്ദ്ര സഹായം ലഭ്യമാകുകയുമാണ് ചെയ്യുന്നത്. എന്നാൽ മറ്റു കേന്ദ്രാവിഷ്കൃത പദ്ധതികളിൽ സഹായം ലഭ്യമാകാൻ കാലതാമസം നേരിടുന്നതിനാൽ പദ്ധതികളുടെ വിജയകരമായ നടത്തിപ്പിന് ബഡ്ജറ്റ് വിഹിതത്തിന് തുല്യമായ തുക സംസ്ഥാനം ചിലവഴിക്കുകയാണ് ചെയ്യുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് ബഡ്ജറ്റ് വിഹിതമായി 325.38 കോടി രൂപ സംസ്ഥാനം വകയിരുത്തിയിരുന്നു. 211.70 കോടി രൂപ ചെലവഴിച്ചു. കേന്ദ്ര വിഹിതമായി ലഭിച്ച 139.63 കോടി രൂപ കഴിച്ച് ബാക്കി 72.07 കോടി രൂപ സംസ്ഥാന പദ്ധതിയിൽ നിന്നാണ് വിനിയോഗിച്ചത്. |

**സെക്ഷൻ ഓഫീസർ**